peaceradio
Tune to reality

# പീസ് റേഡിയോ

# അന്നൂർ

## ക്വുർആൻ പഠന പദ്ധതി

## മൊഡ്യുൾ – 5

### കോഴ്സ് വർക്ക് (5.5)

بسم الله الرحمن الرحيم

പീസ് റേഡിയോയിൽ നടന്നു വരുന്ന അന്നൂർ ക്വുർആൻ പഠന പദ്ധതിയുടെ അഞ്ചാം ഘട്ട പരീക്ഷയോട് അനുബന്ധിച്ചുള്ള കോഴ്സവർക്കാണ് താഴെ നൽകിയിരിക്കുന്നത്. ഇത്തവരണ നാം തിരഞ്ഞെടുത്തിരിക്കുന്നത് സ്വർഗവുമായി ബന്ധപ്പെട്ട പാഠഭാഗങ്ങളാണ്.

❖ **എന്താണ് സ്വർഗം?**

അല്ലാഹുവിനെ ഭയപ്പെട്ട് ജീവിച്ചവർക്കും അവന്റെ ഔലിയാക്കൾക്കും അല്ലാഹു ഒരുക്കിയ മഹത്തായ പ്രതിഫലവും മഹനീയ പാരിതോഷികവുമത്രേ സമാധാനത്തിന്റെയും സർവ്വ സുഖങ്ങളുടേയും ഭവനമായ സ്വർഗ്ഗം. സ്വർഗ്ഗം വിവരണാതീതവും ഭാവനാതീതവുമാണ്. എല്ലാം സമ്പൂർണ്ണ അനുഗ്രഹങ്ങളാണ്; അവയിൽ ന്യൂനതകളില്ല. എല്ലാം തെളിമയും കൺകുളിർമയും നയനാനന്ദകരവും മാത്രമാണ്. ക്വുദ്സിയായ ഹദീഥിൽ അല്ലാഹു പറഞ്ഞതായി നബി (സ്വ) പഠിപ്പിച്ചു.

أَعْدَدْتُ لِعِبَادِى الصَّالِحِينَ مَا لاَ عَيْنَ رَأَتْ ، وَلاَ أُذُنَ سَمِعَتْ ، وَلاَ خَطَرَ عَلَى قَلْبِ بَشَرٍ ، فَاقْرَءُوا إِنْ شِئْتُمْ

(എന്റെ സത്യവിശ്വാസികളായ ദാസന്മാർക്ക് ഞാൻ ഒരു കണ്ണും കാണാത്തത്ര, ഒരു കാതും കേൾക്കാത്തത്ര, ഒരു മനുഷ്യ ഹൃദയവും ഭാവനയിൽ കൊണ്ടുവരാത്തത്ര ഒരുക്കിയിരിക്കുന്നു. ശേഷം നബി (സ്വ) പാരായണം ചെയ്തു:

فَلَا تَعْلَمُ نَفْسٌ مَا أُخْفِيَ لَهُمْ مِنْ قُرَّةِ أَعْيُنٍ جَزَاءً بِمَا كَانُوا يَعْمَلُونَ (١٧)

എന്നാൽ അവർ പ്രവർത്തിച്ചിരുന്നതിനുള്ള പ്രതിഫലമായിക്കൊണ്ട് കൺകുളിർപ്പിക്കുന്ന എന്തെല്ലാം കാര്യങ്ങളാണ് അവർക്ക് വേണ്ടി രഹസ്യമാക്കിവെക്കപ്പെട്ടിട്ടുള്ളത് എന്ന് ഒരാൾക്കും അറിയാ വുന്നതല്ല? (വി. ക്വു. സജദഃ :17) (ബുഖാരി)

ഭൗതിക വിഭവങ്ങൾ എത്ര പുരോഗതിയിലാണെങ്കിലും സ്വർഗ്ഗീയ അനുഗ്രഹങ്ങളോട് അവ തുലനം ചെയ്യുമ്പോൾ ഭൗതിക വിഭവങ്ങൾ നിസ്സാരവും സ്വർഗ്ഗീയ അനുഗ്രഹങ്ങളോട് ഒരു നിലക്കും തുല്യപ്പെടുത്തുവാനാകാത്തതുമാണെന്ന് ബോധ്യപ്പെടും.

നബി (സ്വ) സ്വർഗ്ഗത്തിൽ ഒരു വടിവെക്കുന്ന സ്ഥലത്തെ കുറിച്ച് പറയുന്നത് നോക്കൂ:

« مَوْضِعُ سَوْطٍ فِى الْجَنَّةِ خَيْرٌ مِنَ الدُّنْيَا وَمَا فِيهَا »

(സ്വർഗ്ഗത്തിൽ ഒരു ചാട്ട വെക്കുവാനുള്ള സ്ഥലം ഈ ദുനിയാവി നേക്കാളും അതിലുള്ളതിനേക്കാളും ഉത്തമമാകുന്നു.)) (ബുഖാരി)
അതിനാൽ തന്നെ സ്വർഗ്ഗ പ്രവേശനവും നരകത്തിൽ നിന്നുള്ള മോചനവും അല്ലാഹുവിന്റെ നിശ്ചയത്തിൽ മഹത്തായ വിജയവും ഉന്നതമായ രക്ഷയും അതിയായ ഭാഗ്യവുമാകുന്നു.

- **സ്വർഗത്തിന്റെ പേരുകൾ**

സ്വർഗത്തിന് വിവിധ പേരുകൾ നബി (സ്വ) പരിചയപ്പെടുത്തിയത് ക്വുർആനിലെ ആയത്തുകളിൽനിന്നും സ്വഹീഹായ ഹദീസുകളിൽ നിന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ആ പേരുകൾ ചുവടെ എണ്ണി പറയുകയാണ്.

1. അൽജന്നഃ
2. ജന്നത്തുൽഫിർദൗസ്
3. ജന്നത്തു അദ്ൻ
4. ജന്നത്തുന്നഈം
5. ജന്നത്തുൽഖുൽദ്
6. ജന്നത്തുൽമഅ്വാ
7. ദാറുസ്സലാം

- **സ്വർഗ്ഗം സ്ഥിതി ചെയ്യുന്നത്**

സ്വർഗ്ഗം സ്ഥിതി ചെയ്യുന്നത് വാനങ്ങൾക്ക് ഉപരിയിലാണെ ന്നറിയിക്കുന്ന തെളിവുകൾ താഴെ ചേർക്കുന്നു. മിഅ്റാജിന്റെ രാവിൽ നബി (സ്വ) ആകാശാരോഹണം നടത്തിയ വിഷയവും നബി (സ്വ) അവിടെ സ്വർഗ്ഗവും സിദ്റത്തുൽ മുൻതഹായും മറ്റും കണ്ടതും വിശുദ്ധ ക്വുർആൻ വിവരിച്ചിട്ടുണ്ട്. അല്ലാഹു പറയുന്നു;

وَلَقَدْ رَآهُ نَزْلَةً أُخْرَى (١٣) عِنْدَ سِدْرَةِ الْمُنْتَهَى (١٤) عِنْدَهَا جَنَّةُ الْمَأْوَى (١٥)

മറ്റൊരു ഇറക്കത്തിലും അദ്ദേഹം (മലക്കിനെ) കണ്ടിട്ടുണ്ട്. അറ്റത്തെ ഇലന്തമരത്തിനടുത്ത് വെച്ച് അതിന്നടുത്താ കുന്നു ജന്ന ത്തുൽമഅ്വാ (താമസിക്കുവാനുള്ള സ്വർഗ്ഗത്തോപ്പ് (വി. ക്വു. അന്നജ്മ്: 13,14,15)
നബി (സ്വ) സ്വർഗത്തെക്കുറിച്ച് പഠിപ്പിക്കുന്ന മറ്റൊരു ഹദീസ് നോക്കൂ.
((വല്ലവനും അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വസിക്കുകയും നമസ്കാരം മുറപ്രകാരം നിലനിർത്തുകയും റമദാനിൽ നോമ്പനുഷ്ഠിക്കുകയും ചെയ്താൽ അവനെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കൽ അല്ലാഹു ബാധ്യതയായി ഏറ്റിരിക്കുന്നു. അവൻ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ഹിജ്റഃ പോയാലും ശരി അതല്ല താൻ ജനിച്ച ഭൂമിയിൽ ഇരുന്നാലും ശരി. സ്വഹാബികൾ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, ഞങ്ങൾ ജനങ്ങളെ ഈ വിവരമറിയിക്കട്ടേ? നബി (സ്വ) പറഞ്ഞു: (നിശ്ചയം സ്വർഗ്ഗത്തിന് നൂറ് പദവികളുണ്ട്. അവയെല്ലാം അല്ലാഹു അവന്റെ മാർഗ്ഗത്തിലുള്ള മു

ജാഹിദീങ്ങൾക്ക് ഒരുക്കിവെച്ചതാകുന്നു. ഓരോ ഇരുപദവികൾക്കിടയിലും ആകാശഭൂമികൾക്കിടയിലുള്ളത്ര ദൂരമുണ്ട്. നിങ്ങൾ അല്ലാഹുവോട് തേടിയാൽ ഫിർദൗസ് തേടുക. കാരണം അത് സ്വർഗ്ഗത്തിന്റെ മദ്ധ്യവും സ്വർഗ്ഗത്തിന്റെ അത്യുന്നതവുമാകുന്നു. അതിന് മുകളിലാകുന്നു കരുണാവാരുധിയായ അല്ലാഹുവിന്റെ മഹിത സിംഹാസനം. അതിൽ നിന്നാകുന്നു സ്വർഗ്ഗീയ നദികൾ പൊട്ടിയൊഴുകുന്നത്. (ബുഖാരി)

- **സ്വർഗ്ഗം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു**

ഇമാം അബൂജഅ്ഫർ അത്ത്വഹാവിജ പറയുന്നു: "സ്വർഗ്ഗവും നരകവും സൃഷ്ടിക്കപ്പെട്ടവയാണ്. അവ രണ്ടും ഒരിക്കലും നശിക്കുകയോ അവസാനിക്കുകയോ ഇല്ല. നിശ്ചയം അല്ലാഹു പ്രപഞ്ച സൃഷ്ടിപ്പിന് മുമ്പുതന്നെ അവ രണ്ടിനേയും അവ രണ്ടിനുമുള്ള ആളുകളേയും പടച്ചിരിക്കുന്നു. അവരിൽ നിന്ന് ആരെ അവൻ സ്വർഗ്ഗത്തിന് ഉദ്ദേശിക്കുന്നുവോ അത് അവന്റെ ഔദാര്യമാണ്. അവരിൽ നിന്ന് ആരെ അവൻ നരകത്തിന് ഉദ്ദേശിക്കുന്നുവോ അത് അവനിൽ നിന്നുള്ള നീതിയുമാണ്.

ഇമാം ഇബ്നു അബിൽ ഇസ്സിൽ ഹനഫിജ പറയുന്നു: "സ്വർഗ്ഗവും നരകവും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. അവ രണ്ടും ഇന്ന് ഉണ്മയുടെ ലോകത്ത് ഉള്ളതാണ്. ഈ വിഷയത്തിൽ അഹ്ലുസ്സുന്നത്തി വൽ ജമാഅഃയുടെ ഏകാഭിപ്രായം ഉണ്ട്. അവർ ഈ വിശ്വാസത്തിലാണ് ഇന്നും. മുഅ്തസിലിയത്തും ക്വദ്രിയ്യത്തുമാണ് ഈ വിശ്വാസത്തെ നിഷേധിച്ചത്. അവർ പറഞ്ഞു: 'അല്ലാഹു അന്ത്യ നാളിലാണ് അവയെ സൃഷ്ടിക്കുക' സ്വർഗ്ഗവും നരകവും സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്നതറിയിക്കുന്ന ധാരാളം തെളിവുകൾ വിശുദ്ധ ക്വുർആനിലും തിരുസുന്നത്തിലും വന്നത് കാണാം. അത് മുത്തക്വീങ്ങൾക്ക് ഒരുക്കിവെക്കപ്പെട്ടിരിക്കുന്നു. (ആലുഇംറാൻ: **133**)

അബ്ദുല്ലാഹ് ഇബ്നു ഉമർ (റ) വിൽ നിന്നും നിവേദനം: അല്ലാഹുവിന്റെ റസൂൽ (സ്വ) പറഞ്ഞു: ((നിങ്ങളിൽ ഒരാൾ മരണപ്പെട്ടാൽ പ്രഭാതത്തിലും പ്രദോഷത്തിലും അവന്റെ ഇരിപ്പിടം അവനുമുന്നിൽ പ്രദർശിപ്പിക്കപ്പെടും. അവൻ സ്വർഗ്ഗവാസികളിൽ പെട്ടവനാണെങ്കിൽ സ്വർഗ്ഗവാസികളിലെ (അവന്റെ ഇരിപ്പിടം കാണിക്കപ്പെടും.) അവൻ നരകവാസികളിൽ പെട്ടവനാണെങ്കിൽ നരകവാസികളിലെ (അവന്റെ ഇരിപ്പിടം കാണി ക്കപ്പെടും.) (അവനോട്) പറയപ്പെടും: അന്ത്യനാളിൽ അല്ലാഹു നിന്നെ ഉയർത്തെഴുന്നേൽപ്പിക്കുന്നതായ നിന്റെ ഇരിപ്പിടം ഇതാകുന്നു.)) (ബുഖാരി, മുസ്ലിം)

നബി (സ്വ) പറഞ്ഞു;

«إِنِّي رَأَيْتُ الْجَنَّةَ أَوْ أُرِيتُ الْجَنَّةَ فَتَنَاوَلْتُ مِنْهَا عُنْقُودًا وَلَوْ أَخَذْتُهُ لَأَكَلْتُمْ مِنْهُ مَا بَقِيَتِ الدُّنْيَا »

ഞാൻ സ്വർഗ്ഗം കണ്ടു. അല്ലെങ്കിൽ സ്വർഗ്ഗം എനിക്ക് കാണിക്കപ്പെട്ടു. അതിൽ നിന്ന് ഒരു മുന്തിരിക്കുല എടുക്കുവാൻ ഞാൻ തുനിഞ്ഞു. ഞാൻ അത് എടുത്തിരുന്നുവെങ്കിൽ ദുനിയാവ് അവശേഷിക്കുന്ന കാലമത്രയും നിങ്ങൾക്ക് അതിൽനിന്ന് ഭക്ഷിക്കാമായിരുന്നു. (ബുഖാരി, മുസ്ലിം)

- **സ്വർഗ്ഗത്തിൻറെ നിർമ്മിതി**

അല്ലാഹുവിന്റെ അതിമഹത്തായ സൃഷ്ടിപ്പാണ് സ്വർഗ്ഗം. അത് സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ചില വചനങ്ങൾ താഴെ നൽകാം.

അബൂഹുറയ്റഃ (റ) വിൽ നിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: ഞങ്ങൾ ചോദിച്ചു: "അല്ലാഹുവിന്റെ റസൂലേ, താങ്കൾ സ്വർഗ്ഗത്തെക്കുറിച്ച് ഞങ്ങളോട് പറഞ്ഞാലും. അതിന്റെ നിർമ്മാണം എങ്ങിനെയാണ്? അല്ലാഹുവിന്റെ റസൂൽ (സ്വ) പറഞ്ഞു:

لَبِنَةٌ مِنْ ذَهَبٍ ، وَلَبِنَةٌ مِنْ فِضَّةٍ ، مِلاَطُهَا الْمِسْكُ الأَذْفَرُ ، حَصْبَاؤُهَا الْيَاقُوتُ وَاللُّؤْلُؤُ ، وَتُرْبَتُهَا الْوَرْسُ وَالزَّعْفَرَانُ ، مَنْ يَدْخُلُهَا يَخْلُدُ لاَ يَمُوتُ ، وَيَنْعَمُ لاَ يَبْأَسُ ، لاَ يَبْلَى شَبَابُهُمْ ، وَلاَ تَخَرَّقُ ثِيَابُهُمْ.

സ്വർണ്ണത്താലുള്ള ഇഷ്ടികയും വെള്ളിയാലുള്ള ഇഷ്ടികയുമാണ്. അവക്കിടയിൽ വെക്കുവാനുള്ള പദാർത്ഥം സുഗന്ധമേറെവമിക്കുന്ന കസ്തൂരിയാണ്. അതിലെ കല്ലുകൾ മുത്തും പവിഴങ്ങളുമാണ്. അതിലെ മണ്ണാകട്ടെ കുങ്കുമവും വർസു (മഞ്ഞവർണ്ണമുള്ള ഒരു തരം സുഗന്ധം) മാണ്. അതിൽ പ്രവേശിക്കുന്നവൻ നിത്യവാസിയായിരിക്കും; മരണപ്പെടുകയില്ല. അവൻ നിത്യസുഖത്തിലായിരിക്കും; ദുരിതപ്പെടുകയില്ല. അവരുടെ യൗവനം ഒരിക്കലും നശിക്കുകയില്ല. അവരുടെ വസ്ത്രം ജീർണിക്കുകയുമില്ല.))

- **സ്വർഗ്ഗ കവാടങ്ങളുടെ എണ്ണവും പേരുകളും**

സ്വർഗ്ഗ കവാടങ്ങളുടെ എണ്ണം എട്ടാകുന്നു. നോമ്പുകാർക്ക് ബാബുർറയ്യാൻ, നമസ്കാരത്തിൽ കൃത്യതയുള്ളവർക്ക് ബാബുസ്സ്വലാത്ത്, ദാനധർമ്മശീലർക്ക് ബാബുസ്സ്വദകഃ, ജിഹാദ് ചെയ്യുന്നവർക്ക് ബാബുൽ ജിഹാദ് എന്നിവ അവയിൽ ചലതാണ്.

അല്ലാഹുവിന്റെ റസൂൽ പറഞ്ഞു:

« فِي الْجَنَّةِ ثَمَانِيَةُ أَبْوَابٍ ، فِيهَا بَابٌ يُسَمَّى الرَّيَّانَ لاَ يَدْخُلُهُ إِلاَّ الصَّائِمُونَ »

സ്വർഗ്ഗത്തിൽ എട്ട് കവാടങ്ങളുണ്ട്. അവയിൽ ഒന്നിന് റയ്യാൻ എന്ന് പേര് വിളിക്കപ്പെടും. നോമ്പുകാരല്ലാതെ അതിൽ പ്രവേശിക്കുകയില്ല.) (ബുഖാരി)

« مَنْ أَنْفَقَ زَوْجَيْنِ فِي سَبِيلِ اللَّهِ نُودِىَ مِنْ أَبْوَابِ الْجَنَّةِ يَا عَبْدَ اللَّهِ ، هَذَا خَيْرٌ . فَمَنْ كَانَ مِنْ أَهْلِ الصَّلاَةِ دُعِىَ مِنْ بَابِ الصَّلاَةِ ، وَمَنْ كَانَ مِنْ أَهْلِ الْجِهَادِ دُعِىَ مِنْ بَابِ الْجِهَادِ ، وَمَنْ كَانَ مِنْ أَهْلِ الصِّيَامِ دُعِىَ مِنْ بَابِ الرَّيَّانِ ، وَمَنْ كَانَ مِنْ أَهْلِ الصَّدَقَةِ دُعِىَ مِنْ بَابِ الصَّدَقَةِ » .

((വല്ലവരും അല്ലാഹുവിൻറെ മാർഗ്ഗത്തിൽ രണ്ട് ഇണകൾക്ക് ചെലവു നൽകിയാൽ സ്വർഗ്ഗീയ കവാടങ്ങളിലൂടെ അവൻ വിളിക്കപ്പെടും. അബ്ദുല്ലാ, ഇത് ഒരു നല്ല കാര്യമാകുന്നു. ആരാണോ നമസ്കാരക്കാരിൽ പെട്ടത് അയാൾ ബാബുസ്സ്വലാത്തിലൂടെ ക്ഷണിക്കപ്പെടും. ആരാണോ ജിഹാദ് ചെയ്യുന്നവരിൽപെട്ടത് അയാൾ ബാബുൽ ജിഹാദിലൂടെ ക്ഷണിക്കപ്പെടും. ആരാണോ നോമ്പുകാരിൽ പെട്ടത് അയാൾ ബാബുർറയ്യാനിലൂടെ ക്ഷണിക്കപ്പെടും. ആരാണോ സ്വദകഃ നൽകുന്നവരിൽ പെട്ടത് അയാൾ ബാബുസ്സ്വദക്വഃ യിലൂടെ ക്ഷണിക്കപ്പെടും.) (ബുഖാരി)

- **എട്ട് കവാടങ്ങളിലൂടെയും സ്വർഗ്ഗത്തിലേക്ക് ക്ഷണിക്കപ്പെടുവാൻ**

എല്ലാ വാതിലുകളിലൂടെയും സർഗ്ഗത്തിലേക്ക് ക്ഷണിക്കപ്പെടുന്ന ഭാഗ്യവാന്മാരുണ്ട്. അല്ലാഹു ആ വിഭാഗത്തിൽ നാമേവരേയും ഉൾപ്പെടുത്തി അനുഗ്രഹിക്കുമാറാകട്ടേ.

1. **അബൂബക്കർ (റ)**

അബൂബകർ (റ) തന്നെ പറയുന്നു.

يَا رَسُولَ اللَّهِ ، مَا عَلَى مَنْ دُعِىَ مِنْ تِلْكَ الأَبْوَابِ مِنْ ضَرُورَةٍ ، فَهَلْ يُدْعَى أَحَدٌ مِنْ تِلْكَ الأَبْوَابِ كُلِّهَا قَالَ « نَعَمْ . وَأَرْجُو أَنْ تَكُونَ مِنْهُمْ »

അല്ലാഹുവിന്റെ തിരുദൂതരേ, സ്വർഗ്ഗത്തിലേക്ക് വിളിക്കപ്പെടുന്ന വ്യക്തിക്ക് എല്ലാ കവാടങ്ങളിലൂടെയും വിളിക്കപ്പെടണമെന്ന യാതൊരു അനിവാര്യതയുമില്ലല്ലോ; (ഏതെങ്കിലും ഒന്നിലൂടെ വിളിക്കപ്പെട്ടാൽ തന്നെ മതിയാവില്ലേ) വല്ലവരും അതിൽ എല്ലാ കവാടങ്ങളിലൂടെയും വിളിക്കപ്പെടുമോ? നബി (സ്വ) പറഞ്ഞു: (അതെ, താങ്കൾ അവരിൽ ആകട്ടേ എന്ന് ഞാൻ ആശിക്കുന്നു.) (ബുഖാരി)

2. **ശഹാദത്ത് പൂർണമായി അംഗീകരിച്ചവർ...**

നബി (സ്വ) പറഞ്ഞു:

« مَنْ قَالَ أَشْهَدُ أَنْ لاَ إِلَهَ إِلاَّ اللَّهُ وَحْدَهُ لاَ شَرِيكَ لَهُ وَأَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ وَأَنَّ عِيسَى عَبْدُ اللَّهِ وَابْنُ أَمَتِهِ وَكَلِمَتُهُ أَلْقَاهَا إِلَى مَرْيَمَ وَرُوحٌ مِنْهُ وَأَنَّ الْجَنَّةَ حَقٌّ وَأَنَّ النَّارَ حَقٌّ أَدْخَلَهُ اللَّهُ مِنْ أَىِّ أَبْوَابِ الْجَنَّةِ الثَّمَانِيَةِ شَاءَ »

(അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനില്ലെന്നും അവന് യാതൊരു പങ്കുകാരുമില്ലെന്നും തീർച്ചയായും മുഹമ്മദ് അല്ലാഹുവിന്റെ ദാസനും ദൂതനും ആണെന്നും തീർച്ചയായും ഈസാ അല്ലാഹുവിന്റെ ദാസനും അവന്റെ ദാസിയുടെ പുത്രനും മർയമിലേക്ക് അവൻ ഇട്ടുകൊടുത്ത അവന്റെ വചനവും അവങ്കൽ നിന്നുള്ള ഒരാത്മാവുമാണെന്നും സ്വർഗ്ഗം സത്യമാണെന്നും നരകം സത്യമാണെന്നും ആർ സാക്ഷ്യം വഹിച്ചുവോ സ്വർഗ്ഗത്തിന്റെ എട്ടു കവാടങ്ങളിൽ താനുദ്ദേശിക്കുന്നതിലൂടെ അല്ലാഹു അവനെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കും) (ബുഖാരി, മുസ്ലിം)

3. **വുദുവിന് ശേഷം പ്രാർത്ഥിക്കുന്നവർ**
നബി (സ്വ) പറഞ്ഞു; (നിങ്ങളിൽ ഒരാൾ വുദ്വൂഅ് ചെയ്യുന്നു: (നബി (സ്വ) വുദ്വൂഅ് ചെയ്ത പോലെ) വുദ്വൂഇനെ നന്നാക്കുന്നു, വുദ്വൂഇൽ നിന്ന് വിരമിച്ച ശേഷം:

أَشْهَدُ أَنْ لاَ إِلَهَ إِلاَّ اللهُ وَحْدَهُ لاَ شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّداً عَبْدُهُ وَرَسُولُهُ

എന്ന് പറഞ്ഞാൽ അയാൾക്ക് സ്വർഗ്ഗത്തിന്റെ എട്ട് കവാടങ്ങളും തുറക്കപ്പെടും. താൻ ഉദ്ദേശിക്കുന്ന കവാടത്തിലൂടെ അയാൾക്ക് പ്രവേശിക്കാവുന്നതാണ്.) (ബുഖാരി, മുസ്ലിം)

4. **ഭർത്താവിനെ അനുസരിക്കുന്ന സ്ത്രീ.**
നബി (സ്വ) പറഞ്ഞു; ((ഒരു സ്ത്രീ അവളുടെമേൽ (നിർബന്ധമായ) അഞ്ചു നമസ്കാരങ്ങൾ നമസ്കരിക്കുകയും, അവളുടെ (റമദ്വാൻ) മാസത്തിൽ നോമ്പെടുക്കുകയും, അവളുടെ ഗുഹ്യാവയവം സൂക്ഷിക്കുകയും തന്റെ ഭർത്താവിനെ അനുസരിക്കുകയും ചെയ്താൽ. അവളോടു പറയപ്പെടും: സ്വർഗ്ഗീയ കവാടങ്ങളിൽ നീ ഉദ്ദേശിക്കുന്നതിലൂടെ സ്വർഗ്ഗത്തിൽ പ്രവേശിക്കുക.))

5. **പ്രായപൂർത്തി എത്തുന്നതിന് മുമ്പ് കുട്ടികൾ മരണപ്പെട്ടാൽ...**
ഉത്ബത് അസ്സുലമി (റ) വിൽ നിന്ന് നിവേദനം. അദ്ദേഹം പറയുന്നു: അല്ലാഹുവിൻറെ നബി (സ്വ) പറയുന്നത് ഞാൻ കേട്ടു: (പ്രായ പൂർത്തിയാകുന്നതിന് മുമ്പ് കുട്ടികളിൽ നിന്ന് മൂന്നുപേർ മരണപ്പെടുന്ന യാതൊരു മുസ്ലിമുമില്ല; സ്വർഗ്ഗത്തിന്റെ എട്ട് കവാടങ്ങളിൽനിന്നും അവർ അയാളെ സ്വീകരിക്കാതെ. ആ കവാടങ്ങളിൽ താനുദ്ദേശിക്കുന്നതിലൂടെ അയാൾക്ക് പ്രവേശിക്കാവുന്നതാണ്.))

## സ്വർഗത്തിൽ ഒരു ഭവനം ലഭിക്കാൻ.

1. **സൂറത്തുൽ ഇഖ്ലാസ്വ്**
മുആദ് ഇബ്നു അനസ് (റ) വിൽ നിന്ന് നിവേദനം. നബി പറഞ്ഞു:

«مَنْ قَرَأَ (قُلْ هُو الله أحد) عَشَرَ مَرَّاتٍ ، بَنَى اللهُ لَهُ بَيْتاً فِي الْجَنَّةِ»

(ആരെങ്കിലും സൂറത്തുൽ ഇഖ്ലാസ് പത്ത് പ്രാവശ്യം ഓതിയാൽ അല്ലാഹു അവന് വേണ്ടി സ്വർഗ്ഗത്തിൽ ഒരു വീട് പണിയും) (മുസ്നദു അഹ്മദ്. സ്വഹീഹ് ഇബ്നുഹിബ്ബാൻ. അൽബാനി ഹദീഥ് ഹസനുൻലിഗയ്രിഹീ എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.)

2. **അങ്ങാടിയിൽ പ്രവേശിക്കുമ്പോഴുള്ള ദുആ**
സാലിം ഇബ്നു അബ്ദില്ലാ (റ) വിൽ നിന്നും നിവേദനം. നബി (സ്വ) പറഞ്ഞു: ((ആരെങ്കിലും അങ്ങാടിൽ പ്രവേശിക്കുകയും എന്നിട്ട്

إِلَه إلاّ الله وَحْـدَهُ لا شَرِيـكَ لَهُ، لَهُ المُلْكُ،وَلَهُ الْحَمْدُ،يُحْيِي وَيُمِيتُ،وَهُوَ حَيٌّ لا يَمُوتُ، بِيَدِهِ الْخَيْرُ،وَهُوعَلَى كُلِّ شَيْءَ قَدِيرٌ.

എന്ന് പറയുകയും ചെയ്താൽ, അല്ലാഹു അയാൾക്ക് പത്തു ലക്ഷം നന്മകൾ രേഖപ്പെടുത്തുകയും അയാളുടെ പത്തുലക്ഷം തിന്മകൾ മായ്ക്കുകയും സ്വർഗ്ഗത്തിൽ ഒരു വീട് അയാൾക്ക് നിർമ്മിക്കുകയും ചെയ്യും. (സുനനു ത്തിർമുദി. അൽബാനി ഹദീഥിനെ ഹസനെന്ന് വിശേഷിപ്പിച്ചു.)

3. **സഹോദരങ്ങളെ സന്ദർശിക്കൽ**

അബൂഹുറയ്റ (റ) വിൽ നിന്നും നിവേദനം; നബി (സ്വ) പറഞ്ഞു: (ഒരു മനുഷ്യൻ തന്റെ സഹോദരനെ രോഗാവസ്ഥയിൽ സന്ദർശനം നടത്തി അല്ലെങ്കിൽ ഒരു സൗഹൃദ സന്ദർശനം നടത്തി. അയാളോട് അല്ലാഹു പറയും: "നീ നല്ലത് ചെയ്തു, നീ നിന്റെ നടത്തം നന്നാക്കി, സ്വർഗ്ഗത്തിൽ നിനക്കൊരു വീട് നീ തയ്യാറാക്കി")) (മുസ്നദ് അഹ്മദ്)

4. **പള്ളി നിർമ്മിക്കൽ**

ജാബിർ ഇബ്നുഅബ്ദില്ല (റ) വിൽ നിന്നും നിവേദനം നബി (സ്വ) പറഞ്ഞു: (ഒരാൾ, ഒരു പക്ഷി അടയിരിക്കുന്ന കൂടിനോളമോ അതിനേക്കാൾ ചെറുതോ ആയ ഒരു പള്ളി അല്ലാഹുവിന് വേണ്ടി നിർമ്മിച്ചാൽ അല്ലാഹു അവന് സ്വർഗ്ഗത്തിൽ ഒരു വീട് നിർമ്മിക്കുന്നതാണ്. ( സുനനു ഇബ്നു മാജ)

5. **റവാത്തിബ് സുന്നത്തുകൾ**

ആഇശാ (റ) യിൽ നിന്നും നിവേദനം; നബി (സ്വ) പറഞ്ഞു: (ഒരാൾ രാത്രിയിലും പകലിലുമായി പന്ത്രണ്ട് റക്അത്ത് നമസ്കാരം താൽപര്യപൂർവ്വം നിത്യവും നിർവ്വഹിച്ചാൽ അയാൾ സ്വർഗ്ഗത്തിൽ പ്രവേശിക്കും. ളുഹ്റിന് മുമ്പ് നാല്, ളുഹ്റിന് ശേഷം രണ്ട്, മഗ്രിബിന് ശേഷം രണ്ട്, ഇശാക്ക് ശേഷം രണ്ട്, ഫജ്റിൻറെ മുമ്പ് രണ്ട് എന്നിവയാണവ. (നസാഈ)

6. **തർക്കം ഉപേക്ഷിക്കൽ**

അബൂ ഉമാമഃ (റ) യിൽ നിന്നും നിവേദനം. നബി (സ്വ) പറഞ്ഞു: (തർക്കം ഉപേക്ഷിക്കുന്നവന് സ്വർഗ്ഗത്തിന് ചുറ്റിലായി ഒരു വീടിന് ഞാൻ ജാമ്യം നിൽക്കുന്നു; താൻ പറയുന്നത് സത്യമാണെങ്കിലും ശരി.))

7. **കളവ് ഉപേക്ഷിക്കൽ**

അബൂ ഉമാമ (റ) യിൽ നിന്നും നിവേദനം. നബി (സ്വ) പറഞ്ഞു: കളവ് ഉപേക്ഷിക്കുന്നവന് സ്വർഗ്ഗത്തിന്റെ നടുവിൽ ഒരു വീടിന് ഞാൻ ജാമ്യം നിൽക്കുന്നു; താൻ പറയുന്നത് തമാശക്കാണെങ്കിലും ശരി

8. **സൽസ്വഭാവം**

അബൂ ഉമാമ (റ) യിൽ നിന്നും നിവേദനം. നബി (സ്വ) പറഞ്ഞു: ആരാണോ തന്റെ സ്വഭാവം നന്നാക്കുന്നത് അവനും സ്വർഗ്ഗത്തിന്റെ ഉന്നതിയിൽ ഒരു വീടിന് ഞാൻ ജാമ്യം നിൽക്കുന്നു))